# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 18.07.2024** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1.) വടക്കൻ കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. സംസ്ഥാനത്ത് മഴക്കെടുതികൾ രൂക്ഷം.

**Heavy rainfall continues in northern Kerala. Red alert issued in Wayanad and Kannur district.**

2) ജസ്റ്റിസുമാരായ എൻ. കോടീശ്വർ സിംഗും, ആർ മഹാദേവനും സുപ്രീം കോടതി ജഡ്ജിമാരായി സത്യപ്രതിജ്ഞ ചെയ്തു.

**Justice Nongmeikapam Kotiswar Singh and Justice R Mahadevan today took oath as Judges of the Supreme Court**

3) നീറ്റ് പരീക്ഷാ ക്രമക്കേടിൽ സുപ്രീംകോടതിയിൽ വാദം തുടരുന്നു. വ്യാപകമായ ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ മാത്രമേ പുനഃപരീക്ഷക്ക് ഉത്തരവിടാനാകൂ എന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്.

**The Supreme Court is hearing today a batch of petitions related to NEET-UG 2024 controversy. NEET re-examination can only be done on a concrete footing if sanctity has been lost on a large scale, says Chief Justice.**

4) കന്നഡിഗർക്ക് സ്വകാര്യ ജോലികളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള ബിൽ കർണാടക സർക്കാർ താത്കാലികമായി മരവിപ്പിച്ചു.

**Karnataka Government is decided to put on hold the draft Bill that ensured Job quota for Kannadigas in the private sector after industry bodies and experts expressed their reservations.**

5) ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് ടൂർണമെന്റിന് ശ്രീലങ്കയിൽ നാളെ തുടക്കം. ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

**Women's Asia Cup T-20 C ricket tournament will begin in Srilanka tomorrow. India will take on Pakistan in group stage, tomorrow.**

**&&&&&&&&&&&&&&&&&&&&&&**

**HEADLINE-1**

**RAIN KERALA**

കേരളത്തിൽ കനത്ത മഴ തുടരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ അതി തീവ്രമഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ മധ്യ, പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദ്ദം രൂപപ്പെടുന്നതോടെ മഴ കൂടുതൽ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് തീരങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്നാണ് നിർദ്ദേശം. സംസ്ഥാനത്ത് 31 ദുരിതാശ്വാസ ക്യാമ്പുകളിലായി 474 പേരെ മാറ്റിപ്പാർപ്പിച്ചു. വയനാട് ജില്ലയിൽ അംഗൻവാടികൾ അടക്കം എല്ലാ വിദ്യാഭ്യാ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. സംസ്ഥാനത്ത് വിവിധ ഡാമുകളുടെ ഷട്ടറുകളും ഉയർത്തിയിട്ടുണ്ട്

**&&&&&&&&&&&&&&&&&&&&&&**

**KANNUR– INTRO**

***കണ്ണൂർ ജില്ലയിൽ ഇന്ന് രാവിലെ മുതൽ അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. വളപട്ടണം, ശ്രീകണ്ഠപുരം, ചങ്ങളായി, കക്കാട് പുഴകൾ നിറഞ്ഞൊഴുകുകയാണ്.***

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ....***

***(വോയിസ്........)***

**&&&&&&&&&&&&&&&&&&&&&&**

## KOZHIKODE ALAPPUZHA

കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽ മഴ ശക്തമായി തുടരുകയാണ്. പുഴകളിലും ജലസംഭരണികളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. കനത്ത മഴയെ തുടർന്ന് കണ്ണൂരിലിറക്കാൻ കഴിയാതെ എയർ ഇന്ത്യാ എക്സ്പ്രസ്സ് വിമാനം നെടുമ്പാശേരിയിലിറക്കി.

ആലപ്പുഴ ജില്ലയിലും വിവിധ പ്രദേശങ്ങളിലും മഴക്കെടുതി രൂക്ഷമാണ്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ വെള്ളം കയറി. കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഞായറാഴ്ച വരെ മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പ്. ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

**&&&&&&&&&&&&&&&&&&&&&&**

## HEADLINE-2

## SC- NEW JUDGES

സുപ്രീം കോടതിയിൽ രണ്ട് പുതിയ ജഡ്ജിമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജസ്റ്റിസുമാരായ എൻ. കോടീശ്വർ സിംഗ്, ആർ മഹാദേവൻ എന്നിവർക്ക് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് സത്യവാചകം ചൊല്ലികൊടുത്തു. ഇതോടെ സുപ്രീംകോടതി ജഡ്ജിമാരുടെ അംഗബലം 34 ആയി. ജമ്മു കശ്മീർ, ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന എൻ. കോടീശ്വർ സിംഗ്, മണിപ്പൂരിൽ നിന്ന് സുപ്രീം കോടതി ജഡ്ജിയായി നിയമിതനാകുന്ന ആദ്യ വ്യക്തിയാണ്. മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായ ആർ മഹാദേവൻ തമിഴ്നാട് സ്വദേശിയാണ്.

**&&&&&&&&&&&&&&&&&&&&&&**

## HEADLINE-3

## NEET-UG- SC

നീറ്റ് യുജി പരീക്ഷ ക്രമക്കേടുമായി ബന്ധപ്പെട്ട ഹർജികളിൽ സുപ്രീംകോടതിയിൽ വാദം തുടരുന്നു. വലിയ രീതിയിലുള്ള ക്രമക്കേട് പരീക്ഷയിൽ നടന്നതായുള്ള കൃത്യമായ തെളിവുകൾ ലഭിച്ചാൽ മാത്രമേ പുനഃപരീക്ഷക്ക് ഉത്തരവിടാനാകൂ എന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് വ്യക്തമാക്കി. അടിയന്തര പ്രാധാന്യമുള്ള വിഷയമാണിതെന്നും, ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് അന്തിമതീരുമാനത്തിനായി കാത്തിരിക്കുന്നതെന്നും കോടതി നിരീക്ഷിച്ചു. പരീക്ഷ റദ്ദാക്കുക, പുനഃപരീക്ഷ നടത്തുക ഉൾപ്പെടെയുള്ള ആവശ്യങ്ങളാണ് ഹർജിക്കാർ ഉന്നയിക്കുന്നത്. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങുന്ന ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്.

**&&&&&&&&&&&&&&&&&&&&&&**

## HEADLINE-4

## Karnataka Bill

കർണാടക സ്വദേശികൾക്ക് സ്വകാര്യ ജോലികളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള ബിൽ സംസ്ഥാന സർക്കാർ താത്കാലികമായി മരവിപ്പിച്ചു. ബില്ലിനെതിരെ വ്യാപകമായി വിമർശനം ഉയർന്ന സാഹചര്യത്തിലാണ് നടപടി. തിങ്കളാഴ്ചയാണ് ബില്ലിന് കർണാടക മന്ത്രിസഭ അനുമതി നൽകിയത്. കന്നഡിഗർക്ക് സ്വകാര്യമേഖലയിലെ മാനേജ്മെന്റ് ജോലികളിൽ 50 ശതമാനവും, മാനേജ്മെന്റ് ഇതര ജോലികളിൽ 75 ശതമാനവും, ഗ്രൂപ്പ് സി,ഡി തസ്തികകളിൽ 100 ശതമാനവും സംവരണം ഏർപ്പെടുത്തുന്നതാണ് ബിൽ. വിപുലമായ ചർച്ചകൾക്ക് ശേഷമേ ബിൽ പാസ്സാക്കുകയുള്ളൂ എന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചു. സാങ്കേതികരംഗത്തെ കർണാടകയുടെ നേതൃ സ്ഥാനം ഇല്ലാതാക്കാൻ ബിൽ ഇടയാക്കുമെന്ന് ചൂണ്ടിക്കാട്ടി വ്യവസായ സംഘടനകൾ ഇതിനെതിരെ രംഗത്തു വന്നിരുന്നു.

**&&&&&&&&&&&&&&&&&&&&&&**

## AGNIVEERS RESERVATION

ഹ്രസ്വകാല സേവനത്തിനുശേഷം സൈന്യത്തിൽ നിന്നും വിരമിക്കുന്ന അഗ്നിവീറുകൾക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്തി ഹരിയാന സർക്കാർ. പൊലീസ്, ജയിൽ, വനംവകുപ്പുകളിലാണ് സംവരണം. പോലീസ് കോൺസ്റ്റബിൾ, മൈനിങ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ തുടങ്ങിയ തസ്തികകളിൽ സംവരണം ബാധകമായിരിക്കും. ഗ്രൂപ്പ് - ഡി തസ്തികകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ വിരമിച്ച അഗ്നിവീറുകൾക്ക് മൂന്ന് വയസ്സിന്റെ ഇളവ് നൽകാനും തീരുമാനിച്ചു. സംരംഭങ്ങൾ തുടങ്ങാൻ അഞ്ചു ലക്ഷം രൂപയുടെ പലിശ രഹിത വായ്പ നൽകുമെന്നും ഹരിയാനാ സർക്കാർ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&&&

**INDIAN NAVY-OMAN,**

ഒമാൻ തീരത്ത് എണ്ണ ടാങ്കർ മറിഞ്ഞ് ഉണ്ടായ അപകടത്തിൽ കാണാതായ 16 ജീവനക്കാരിൽ എട്ട് ഇന്ത്യക്കാർ ഉൾപ്പെടെ ഒമ്പത് പേരെ ഇന്ത്യൻ നാവികസേനാകപ്പൽ ഐഎൻഎസ് ടെഗ് ഇന്നലെ രക്ഷപ്പെടുത്തി. ജീവനക്കാരിൽ ഒരാളുടെ മൃതദേഹവും കണ്ടെത്തിയിട്ടുണ്ട്. അവശേഷിക്കുന്ന ആറ് പേർക്കായി തിരച്ചിൽ തുടരുകയാണ്. 13 ഇന്ത്യക്കാരാണ് കപ്പലിൽ ഉണ്ടായിരുന്നത്. രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യയുടെ ബോയിങ്ങ് പി-8 ഐ നിരീക്ഷണ വിമാനവും രംഗത്തുണ്ട്. ഒമാനി തുറമുഖമായ ദുഖ്മിന് സമീപമാണ് കഴിഞ്ഞദിവസം എണ്ണക്കപ്പൽ മറിഞ്ഞത്.

&&&&&&&&&&&&&&&&&&&&&&

**VALLIYATHAN**

ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയ വിദഗ്ധൻ ഡോ.എം.എസ്. വല്യത്താൻ അന്തരിച്ചു. മണിപ്പാലിൽ ഇന്നലെ രാത്രി ആയിരുന്നു അന്ത്യം. തിരുവനന്തപുരം. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ സ്ഥാപക ഡയറക്ടറും മണിപ്പാൽ യൂണിവേഴ്സിയുടെ ആദ്യ വി.സിയുമായിരുന്നു. ശ്രീചിത്രയിലെ കൃത്രിമ ഹൃദയ വാൽവുകളുടെ നിർമാണ പ്രക്രിയയിൽ ഡോ. വല്യത്താൻ വഹിച്ച പങ്ക് വളരെ വലുതാണ്. 2005-ൽ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ ഡോ. എം എസ് വല്യത്താന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&

**CHHATTISGARH- MAOIST ATTACK**

ഛത്തിസ്ഗഢിൽ മാവോയിസ്റ്റുകളുമായി ഉണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ജവാന്മാർക്ക് വീരമൃത്യു. നാല് ജവാന്മാർക്ക് ആക്രമണത്തിൽ പരിക്കേറ്റിട്ടുണ്ട്. ബിജാപ്പൂർ സുക്മ ജില്ലകളുടെ അതിർത്തി പ്രദേശത്ത് മാവോയിസ്റ്റുകൾക്കായി തിരച്ചിൽ നടത്തുന്നതിനിടെയായിരുന്നു ആക്രമണം. ഐഇഡി ഉപയോഗിച്ചാണ് മാവോയിസ്റ്റുകൾ ആക്രമണം നടത്തിയത്.

&&&&&&&&&&&&&&&&&&&&&&

**MAHARASHTRA -NAXALITES**

മഹാരാഷ്ട്രയിൽ പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിൽ 12 നക്സലുകൾ കൊല്ലപ്പെട്ടു. ഗഡ്ചിറോളി പോലിസിന്റെ C-60 കമാൻഡോകളാണ് നീക്കം നടത്തിയത്. വാഡൊലി ഗ്രാമത്തിൽ തിരച്ചിൽ നടത്തുകയായിരുന്ന സംഘത്തിന് നേരെ നക്സലുകൾ വെടിയുതിർക്കുകയായിരുന്നു. രണ്ട് പൊലീസുകാർക്ക് സംഭവത്തിൽ പരിക്കേറ്റു.

&&&&&&&&&&&&&&&&&&&&&&

**PARIS OLYMPICS**

പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന് കായിക മന്ത്രാലയം അന്തിമ അംഗീകാരം നൽകി. 117 കായികതാരങ്ങളാണ് സംഘത്തിലുള്ളത്. ഈ മാസം 26 മുതൽ അടുത്ത മാസം 11 വരെയാണ് ഒളിമ്പിക് മത്സരങ്ങൾ. അത്ലറ്റിക്സ് വിഭാഗത്തിൽ 29 പേരും, ഷൂട്ടിംങ്ങിൽ 21 താരങ്ങളും, ടേബിൾ ടെന്നീസിൽ എട്ടുപേരും ഇന്ത്യയ്ക്കുവേണ്ടി ഇറങ്ങും. ബാഡ്മിന്റൺ ടീമിൽ ഇത്തവണ ഒളിമ്പിക് മെഡൽ ജേതാവ് പി വി സിന്ധു ഉൾപ്പെടെ ഏഴ് പേരാണ് മത്സരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

**HEADLINE-5**

**WOMEN CRICKET**

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെന്റിന് ശ്രീലങ്കയിൽ നാളെ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും. ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും. വൈകുന്നേരം 7 മണിക്കാണ് മത്സരം.

**&&&&&&&&&&&&&&&&&&&&&**

**Joe Biden positive**

അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന് കോവിഡ് സ്ഥിരീകരിച്ചു. ലാസ് വേഗാസിലെ സന്ദർശനത്തിനിടെ രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച അദ്ദേഹത്തെ വാക്സിനേഷനു ശേഷം ക്വാറന്റൈനിൽ പ്രവേശിപ്പിച്ചതായി വൈറ്റ്ഹൗസ് അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&**

**BIDEN-TRUMP**

കോവിഡ് ബാധിതനായതിന് പിന്നാലെ പ്രായാധിക്യവും, ആരോഗ്യപ്രശ്നങ്ങളും പരിഗണിച്ച് വരാനിരിക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ പിന്മാറണമെന്ന ആവശ്യം ഡെമോക്രാറ്റിക് പാർട്ടിയിൽ ശക്തമായി. ആദം ഷിഫ് ഉൾപ്പെടെയുള്ള പ്രമുഖ ഡെമോക്രാറ്റിക് നേതാക്കൾ ജോ ബൈഡനോട് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിന്ന് വിട്ടുനിൽക്കാൻ പരസ്യമായി ആവശ്യപ്പെട്ടു. നവംബർ 5നാണ് അമേരിക്കയിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടക്കുക.

**&&&&&&&&&&&&&&&&&&&&&**

**FS-BHUTAN**

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നാളെ മുതൽ രണ്ട് ദിവസം ഭൂട്ടാനിൽ ഔദ്യോഗിക സന്ദർശനം നടത്തും. വിദേശകാര്യ സെക്രട്ടറിയായി ചുമതലയേറ്റതിന് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ വിദേശ സന്ദർശനമാണിത്. ഭൂട്ടാൻ രാജാവ്, പ്രധാനമന്ത്രി, തുടങ്ങിയവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&&&**

**&&&**